# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2890** **06.11.2019-ൽ മറുപടിക്ക്**

## മിനിമം വേതനം ലഭ്യമാകുന്നതിനു നടപടി

**ചോദ്യം**

ശ്രീ.സി. ദിവാകരൻ :

(എ) സ്വകാര്യ തൊഴിൽ മേഖലയിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള മിനിമം വേതനം ലഭ്യമാകുന്നുണ്ടോ എന്ന് പരിശോധിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

**മറുപടി**

ശ്രീ.ടി.പി.രാമകൃഷ്ണൻ
തൊഴിലും എക് സൈസും വകുപ്പ് മന്ത്രി

(എ) സ്വകാര്യ തൊഴിൽ മേഖലയിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള മിനിമം വേതനം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പ് വരുത്തുവാൻ തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. തൊഴിൽ വകുപ്പിലെ ജില്ലാ ലേബർ ഓഫീസർമാരുടെ (എൻഫോഴ്സ്മെന്റ്) നേതൃത്വത്തിൽ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഉൾപ്പെടുന്ന എൻഫോഴ്സ്മെന്റ് വിഭാഗം മിനിമം വേതന നിയമം അടക്കമുള്ള വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസുകളിൽ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുകയും ചെയ്തുവരുന്നു.

സംസ്ഥാനമൊട്ടാകെ സ്പെഷ്യൽ ഡ്രൈവുകളും ജില്ലാ തല സ്ക്വാഡ് പരിശോധനകളും നടത്തുന്നത് കൂടാതെ അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെ പരിശോധനാ വേളയിലും തൊഴിലാളികൾക്ക് നിശ്ചയിച്ച മിനിമം വേതനം ലഭ്യമാകുന്നുണ്ടോയെന്നത് എൻഫോഴ്സ്മെന്റ് വിഭാഗം ഉറപ്പു വരുത്താറുണ്ട്. കൂടാതെ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിലേയ്ക്കുമായി വേതന

സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. തൊഴിൽ വകുപ്പ് ആരംഭിച്ച കോൾ സെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ചുള്ള സംശയങ്ങളും പരാതികളും 155214/180042555214 എന്നീ നമ്പരുകളിൽ വിളിച്ച് പരിഹാരം കാണാവുന്നതാണ്. ഹെൽപ്പ് ലൈനിലൂടെ ലഭിക്കുന്ന പരാതികൾ തത്സമയം രജിസ്റ്റർ ചെയ്യപ്പെടുകയും അതാത് ഇൻസ്പെക്ടർമാർ യഥാസമയം തന്നെ അതിൻമേൽ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| (ബി) പരിശോധനയിൽ മിനിമം വേതനം നൽകാത്ത എത്ര സ്ഥാപനങ്ങൾ കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?. | (ബി) മിനിമം വേതനം നൽകാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ചതിന്റെ ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ.

**അനുബന്ധം**

| ക്രമ നം. | ജില്ലാ | നടപടി |
| --- | --- | --- |
| 1. | തിരുവനന്തപുരം | 62 ക്ലെയിം പെറ്റീഷൻ |
| 2. | കൊല്ലം | 107 ക്ലെയിം പെറ്റീഷൻ |
| 3. | കോട്ടയം | 310 ക്ലെയിം നോട്ടീസ്, 86 ക്ലെയിം പെറ്റീഷൻ |
| 4. | പത്തനംതിട്ട | 7 ക്ലെയിം പെറ്റീഷൻ |
| 5. | ആലപ്പുഴ | 167 ക്ലെയിം നോട്ടീസ്, 39 ക്ലെയിം പെറ്റീഷൻ |
| 6. | ഇടുക്കി | 14 ക്ലെയിം പെറ്റീഷൻ |
| 7. | എറണാകുളം | 115 ക്ലെയിം പെറ്റീഷൻ |
| 8. | തൃശ്ശൂർ | 81 ക്ലെയിം പെറ്റീഷൻ |
| 9. | പാലക്കാട് | 34 ക്ലെയിം പെറ്റീഷൻ |
| 10. | മലപ്പുറം | 47 ക്ലെയിം പെറ്റീഷൻ |
| 11. | കോഴിക്കോട് | 87 ക്ലെയിം പെറ്റീഷൻ |
| 12. | വയനാട് | 35 ക്ലെയിം പെറ്റീഷൻ |
| 13. | കണ്ണൂർ | 216 ക്ലെയിം പെറ്റീഷൻ |
| 14. | കാസർഗോഡ് | 52 ക്ലെയിം പെറ്റീഷൻ |

സെക്ഷൻ ഓഫീസർ.